പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2380** — 7-2-2019 ൽ മറുപടിക്ക്

## പാരിസ്ഥിതികാഘാതം ഉണ്ടാക്കുന്ന പൊതുമേഖല സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | **ശ്രീ. ഇ.പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |

(എ) വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും പൊതുമേഖല സ്ഥാപനം പാരിസ്ഥിതികാഘാതം ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ ഏതെങ്കിലും മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ മൂലം ഉണ്ടാകുന്ന പാരിസ്ഥിതികാഘാതം പഠിക്കുന്നതിന് എന്തെങ്കിലും നടപടി ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

(എ) യും (ബി) യും (സി) യും

വ്യവസായ വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ പാരിസ്ഥിതികാഘാതം ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾ നടക്കുന്നില്ല.

പാരിസ്ഥിതികാഘാതം ഉണ്ടാകുവാൻ സാധ്യതയുള്ള **സ്ഥാപനങ്ങൾ** കേന്ദ്ര സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകൾ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് പ്രവർത്തിച്ചുവരുന്നത്.

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൽ എല്ലാ മാസവും ഒരു അംഗീകൃത സ്ഥാപനം മുഖേന ഖര, ജല, വാതക സാമ്പിളുകൾ ശേഖരിച്ച് **പരിശോധിച്ച് മലിനീകരണ നിയന്ത്രണ സംബന്ധമായ** കാര്യങ്ങൾ ഉറപ്പുവരുത്തുന്നുണ്ട്

കൂടാതെ കൃത്യമായ ഇടവേളകളിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ഉദ്യോഗസ്ഥർ കമ്പനിയിൽ പരിശോധന നടത്തി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്നും ഉറപ്പുവരുത്തുന്നുണ്ട്. ആയതിനാൽ പരിസ്ഥിതിക്ക് ആഘാതം ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നില്ല.

മലബാർ സിമന്റ് ലിമിറ്റഡിൽ ചുണ്ണാമ്പുകല്ല് ഖനനം ,സിമന്റ് നിർമ്മാണം, എന്നിവയെല്ലാം നിയമവിധേയമായും നിയമപരമായ മാർഗ്ഗങ്ങളിലൂടേയും ശാസ്ത്രീയമായി ഉത്തരവാദിത്തപ്പെട്ട ഏജൻസികളുടെ നിർദ്ദേശ പ്രകാരവും മേൽനോട്ടത്തിലും വിദഗ്ധരായ ഉദ്യോഗസ്ഥരാണ് നടത്തുന്നത്. പാരിസ്ഥിതികാഘാതം ഇല്ലാത്ത ശാസ്ത്രീയമാർഗ്ഗങ്ങളിലൂന്നിയ പ്രവർത്തനങ്ങൾ മാത്രമേ നിർമ്മാണ പ്രക്രിയയിൽ ഉപയോഗിക്കുന്നുള്ളൂ.

സെക്ഷൻ ഓഫീസർ